ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി3/12234/റ്റിസി/2013 ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 09.07.2013.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്ത സീറ്റുകൾ മാർക്ക് ചെയ്യുന്നത് — സംബന്ധിച്ച്

സൂചന :-
1. ഈ ഓഫീസിൽ നിന്നുള്ള 16.02.2013-ലെ സി3/14470/റ്റിസി.2010 നമ്പർ കത്ത്.
2. ഈ ഓഫീസിൽ നിന്നുള്ള 28.02.2013-ലെ സി3/616/റ്റിസി/2011 നമ്പർ കത്ത്.
3. കേരള സീനിയർ സിറ്റിസൺസ് ഫാറം, കൂത്തുപറമ്പയുടെ നിവേദനം.

സംസ്ഥാനത്തെ പ്രൈവറ്റ്/കെ.എസ്.ആർ.ടിസി ബസുകളിൽ മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്ത സീറ്റുകൾ കൃത്യമായി മാർക്ക് ചെയ്തിട്ടില്ലായെന്ന് കാണിച്ച് ധാരാളം പരാതികൾ ഈ ഓഫിസിൽ ലഭിക്കുന്നുണ്ട്. മുതിർന്ന പൗരൻമാർക്കായി സംവരണം ചെയ്ത 20% സീറ്റുകളിൽ 10% സീറ്റുകൾ സ്ത്രീകളായ വയോജനങ്ങൾ ഇരിക്കുന്ന ഭാഗത്ത് ബസ്സിലെ ചവിട്ടു പടികൾക്ക് സമീപം സ്ത്രീകളായ വയോജനങ്ങൾക്ക് എളുപ്പത്തിൽ കയറുവാനും ഇറങ്ങുവാനും സൗകര്യപ്പെടാവുന്ന രീതിയിൽ ക്രമീകരിക്കുവാനും പുരുഷൻമാരായ വയോജനങ്ങൾക്കായി സംവരണം ചെയ്ത 10% സീറ്റുകൾ പുരുഷൻമാർ ഇരിക്കുന്ന ഭാഗത്ത് പുരുഷൻമാരായ വയോജനങ്ങൾക്ക് ബുദ്ധിമുട്ട് കൂടാതെ ലഭ്യമാകത്തക്കവിധം ക്രമീകരിക്കുവാനും സൂചന(2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ബസ്സിലെ പിൻ വശത്തെ ചവിട്ടു പടികൾക്ക് സമീപം വികലാംഗർക്കായി സംവരണം ചെയ്ത സീറ്റുകളുടെ മുൻവശത്തെ

സീറ്റുകൾ (10% സീറ്റുകൾ) പുരുഷൻമാരായ വയോജനങ്ങൾക്കായി മാർക്ക് ചെയ്യണമെന്ന് എല്ലാ പ്രൈവറ്റ്/കെ.എസ്.ആർ.ടി സി ഓപ്പറേറ്റർമാർക്കും നിർദ്ദേശം നൽകണമെന്ന് ഇതിനാൽ അറിയിക്കുന്നു. മാത്രമല്ല, മേൽ പറഞ്ഞ രീതിയിൽ എല്ലാ ബസ്സുകളിലും സീറ്റുകൾ മാർക്ക് ചെയ്തിട്ടുണ്ടെന്ന് വാഹന പരിശോധനാ സമയത്തും, വാഹനങ്ങൾക്ക് ഫിറ്റ്നസ് ടെസ്റ്റ് നടത്തുംപ്പോഴും ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,<br>
ഒപ്പ്<br>
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ<br>
(എൻഫോഴ്സ്മെന്റ്)<br>
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്: പ്രസിഡന്റ്, കേരള സീനിയർ സിറ്റിസൺസ് ഫോറം, സ്നേഹതീരം, എം.എം. ഹോസ്പിറ്റൽ, ഇടക്കുളം, കൊയിലാണ്ടി, അറിവിലേയ്ക്കായി.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്.

മോട്ടോർ വാഹന വകുപ്പ്, കേരള